(സി) കേന്ദ്രം അനുവദിച്ചിട്ടും ഉപയോഗിക്കുവാൻ കഴിയാതെ ലാപ്സായത് എത്ര കോടിയാണെന്നും, ഏതെല്ലാം പദ്ധതികളാണ് ഇത്തരത്തിൽ ലക്ഷ്യം കണ്ടെത്താൻ കഴിയാതെ പോയതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്രസർക്കാർ ആറിഷ്ക്കരിച്ച് നടപ്പാക്കേണ്ട പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അവ നടപ്പിലാക്കുന്ന മാർഗ്ഗരേഖകളോടൊപ്പം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം സംസ്ഥാനങ്ങളെ അറിയിക്കാറുണ്ട്.

ഇത്തരം പദ്ധതികളെ സംബന്ധിച്ച് സർക്കാർ വകുപ്പുകൾ വിശദമായ പഠനം നടത്തിയശേഷം അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകി ബന്ധപ്പെട്ട വകുപ്പുകൾക്ക് അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. കേന്ദ്രസഹായം ലഭ്യമാകാൻ സാദ്ധ്യതയുള്ള പ്രോജക്ടുകൾക്ക്/പദ്ധതികൾക്ക് രൂപം നൽകുന്നതിൽ ആസൂത്രണബോർഡും സർക്കാർ വകുപ്പുകളെ സഹായിക്കാറുണ്ട്. ഇപ്രകാരം കേന്ദ്രത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രോജക്ടുകൾ/പദ്ധതികൾക്ക് ആവശ്യമായ അനന്തര നടപടികൾ ന്യൂഡൽഹിയിലെ കേരളാഹൗസ് റസിഡന്റ് കമ്മീഷണർ നിർവഹിക്കുന്നതാണ്.

കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർവ്വഹണം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി അവലോകനം ചെയ്യാറുണ്ട്. കേന്ദ്രം അനുവദിച്ച വിഹിതം വിനിയോഗിക്കാൻ സാധിക്കാതെ, ലാപ്സായ തുകയെ സംബന്ധിച്ചും, ലക്ഷ്യം കാണാൻ സാധിക്കാത്ത പ്രോജക്ടുകൾ ഏതെല്ലാമാണെന്നും ഉള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

നിയമസഭാംഗങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ സമിതികൾ

3 [3696] *ശ്രീ. പി. ടി. തോമസ്:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
„ വർക്കല കഹാർ:
„ എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സംഘടിപ്പിച്ചിട്ടുള്ളതും എം. എൽ. എ. മാർ ഉൾപ്പെടെ അംഗങ്ങളായുള്ളതുമായ എത്ര സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു;

(ബി) ഈ സമിതികളുടെ ചെയർമാൻമാർ ഉദ്യോഗസ്ഥൻമാരാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാറന്റ് ഓഫ് പ്രിസിഡൻസ് അനുസരിച്ച് സമിതി ചെയർമാൻമാരായിട്ടുള്ള ഈ ഉദ്യോഗസ്ഥൻമാരുടേയും എം. എൽ. എ. മാരുടേയും സ്ഥാനം എവിടെ എന്ന് പറയുമോ;

(ഡി) വാറന്റ് ഓഫ് പ്രിസിഡൻസിൽ ഒരു സ്ഥാനവുമില്ലാത്തതോ, വളരെ താഴെ മാത്രം സ്ഥാനമുള്ളതോ ആയ ഉദ്യോഗസ്ഥൻമാർ അദ്ധ്യക്ഷത വഹിക്കുന്ന യോഗങ്ങളിൽ വാറന്റ് ഓഫ് പ്രിസിഡൻസിൽ ഉന്നത സ്ഥാനമുള്ള നിയമസഭാംഗങ്ങൾ സദസ്യരായിരിക്കുന്ന വിരോധാഭാസം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണവും ഭരണ പരിഷ്കാര കമ്മിറ്റി ശുപാർശകളും

4 [3697] *ശ്രീ. വി. ഡി. സതീശൻ:*
„ *എം. കെ. പോൾസൺ മാസ്റ്റർ:*
„ *ബി. വിജയകുമാർ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇതു സംബന്ധിച്ച നിർദ്ദേശം ഉരുത്തിരിഞ്ഞത് എപ്രകാരമാണ്;

(സി) ഇക്കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച് ഭരണപരിഷ്കാര കമ്മിറ്റി എന്തെല്ലാം ശുപാർശകൾ നൽകിയിരുന്നു;

(ഡി) അതിൻമേൽ അന്നത്തെ ഗവൺമെന്റ് എന്തു നടപടി എടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള ഭരണ സംവിധാനം സുഗമവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി ശുപാർശകൾ സമർപ്പിക്കുവാൻ രൂപീകരിച്ച കേരള ഭരണ പരിഷ്കാര സമിതി സർക്കാരിന് സമർപ്പിച്ച ഒൻപതാമത് റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ശുപാർശകൾ ഉണ്ട്. സർക്കാർ മേൽപ്പറഞ്ഞ ശുപാർശകൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly